**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **03-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം - കണ്ണൂർ സെമി ഹൈസ്പീഡ് റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം - കാസർകോട് വേഗ റെയിൽപാതയായ സിൽവർ ലൈൻ പദ്ധതിക്കു പകരം തിരുവനന്തപുരം - കണ്ണൂർ സെമി ഹൈസ്പീഡ് റെയിൽപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | റെയിൽവേയുടെ നിലവിലുള്ള പാതയുമായി 40-50 കിലോമീറ്റർ ഇടവിട്ട് ബന്ധപ്പെടുത്തുന്ന വിധമുള്ള ബ്രോഡ്ഗേജ് പാതയ്ക്കായുള്ള ചില നിർദ്ദേശങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു കത്ത് ദക്ഷിണ റെയിൽവേ നൽകുകയും കത്തിനുള്ള മറുപടി റെയിൽവേക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം പുതിയ ഡി.പി.ആർ ഉണ്ടാക്കുന്നത് കേരളത്തിന് സഹായകരമാകില്ലെന്നും പകരം സ്റ്റാൻഡേർഡ് ഗേജിൽ 200 കിലോമീറ്റർ വേഗതയുള്ള ഒരു സ്റ്റാന്റ് എലോൺ ഹൈ സ്പീഡ് ലൈൻ തന്നെ വേണമെന്നും കത്തിലൂടെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ കാര്യത്തിൽ ഇ. ശ്രീധരന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | റെയിൽവേയുടെ നിലവിലുള്ള പാതയുമായി 40-50 കിലോമീറ്റർ ഇടവിട്ട് ബന്ധപ്പെടുത്തുന്ന വിധമുള്ള ബ്രോഡ്ഗേജ് പാതയ്ക്കായുള്ള ചില നിർദ്ദേശങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു കത്ത് ദക്ഷിണ റെയിൽവേ നൽകുകയും കത്തിനുള്ള മറുപടി റെയിൽവേക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം പുതിയ ഡി.പി.ആർ ഉണ്ടാക്കുന്നത് കേരളത്തിന് സഹായകരമാകില്ലെന്നും പകരം സ്റ്റാൻഡേർഡ് ഗേജിൽ 200 കിലോമീറ്റർ വേഗതയുള്ള ഒരു സ്റ്റാന്റ് എലോൺ ഹൈ സ്പീഡ് ലൈൻ തന്നെ വേണമെന്നും കത്തിലൂടെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ